**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3120** **01-03-2023 - ൽ മറുപടിയ്ക്ക്**

**കൃഷ്ണപുരം മാമ്പ്രകുന്നേൽ റയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം മണ്ഡലത്തിൽ കിഫ്ബി തുക വിനിയോഗിച്ച് നിർമ്മിക്കുന്ന കൃഷ്ണപുരം മാമ്പ്രകുന്നേൽ റയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ? | (എ) | ആലപ്പുഴ ജില്ലയിൽ കായംകുളത്തെ കൃഷ്ണപുരം മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് 10/07/2017-ലെ സ.ഉ(സാധാ)നം.942/ 2017/പൊ.മ.വ നമ്പർ ഉത്തരവ് പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി ആർ.ബി.ഡി.സി.കെ-യെ എസ്.പി.വി. ആയി ചുമതലപ്പെടുത്തി യിട്ടുള്ളതുമാണ്. കിഫ്ബിയിൽ നിന്നും ഈ പദ്ധതിക്കായി 31.211 കോടി രൂപ അനുവദിച്ചിട്ടുള്ളതാണ്. 13/05/2019-ലെ സ.ഉ(സാധാ)നം.1112/2019/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം കൃഷ്ണപുരം വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിലായി 1.0840 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും ഭരണാനുമതി നൽകിയിട്ടുള്ളതും, 24/12/2016-ൽ ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥനപത്രം ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ആയതിൽ കായംകുളം കിഫ്ബി സ്പെഷ്യൽ തഹസിൽദാർ ഭൂമി ഏറ്റെടുത്ത് കൈമാറിയിട്ടുള്ളതുമാണ്.<br><br>റെയിൽവേ ജി.എ.ഡി-യുടെ അംഗീകാരം 09/11/2022-ൽ റെയിൽവേയിൽ നിന്നും ലഭ്യമായിട്ടുണ്ട്. റെയിൽവേ മേൽപ്പാല ത്തിന്റെ നിർമ്മാണത്തിനായുള്ള പ്രാഥമിക നടപടികൾ കൈക്കൊണ്ട് വരുന്നു. |

സെക്ഷൻ ഓഫീസർ